# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത **ചോദ്യം നമ്പർ : 2469** — **08/03/2017 ൽ മറുപടിക്ക്**

### തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിന്റെ നിർമാണം

| | ശ്രീ. കെ.എസ്. ശബരീനാഥൻ | | ശ്രീ. എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|---|---|
| | **ചോദ്യം** | | **മറുപടി** |
| (എ) | തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിന് സ്ഥലം വിട്ടു നൽകിയ ഉടമകൾക്ക് നഷ്ടപരിഹാരം ഇനിയും നൽകുവാനുണ്ടോ; രണ്ടാം ഘട്ടമായി ഏറ്റെടുക്കേണ്ട 150 ഏക്കർ ഭൂമിയുടെ വിലനിർണ്ണയം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്ത് വിലയാണ് നിശ്ചയിച്ചിട്ടുള്ളത് ; | (എ) | സ്ഥലം വിട്ടുതന്ന എല്ലാവർക്കും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. ഏറ്റെടുക്കാൻ ബാക്കിയുള്ള ഭൂമിയെ സംബന്ധിച്ച് ജില്ലാകളക്ടർ, ഒരു സെൻറ് സ്ഥലത്തിന് കാറ്റഗറി തിരിച്ച്, താഴെ പറയുംപ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.<br><br>കാറ്റഗറി I Rs. 3,96,106/ -<br>കാറ്റഗറി II Rs. 3,00,000 / -<br>കാറ്റഗറി III Rs. 1,88,000 / -<br>കാറ്റഗറി IV Rs. 1,72,000 /-<br>കാറ്റഗറി V Rs. 1,47,000 / -<br>കാറ്റഗറി VI Rs. 85,000 / - |
| ബി) | ലൈഫ് സയൻസ് പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | പാർക്കിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കെ.എസ്.ഐ.ഡി.സി. യ്ക്ക് ലഭ്യമായ 23 ഏക്കർ ഭൂമിയുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും, ഇതിൽ റോഡ്, ഡ്രയിനേജ് സംവിധാനം, മഴവെള്ള സംഭരണി എന്നിവയുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വൈദ്യുതി, ജലം എന്നിവ ലഭ്യമാക്കുന്നതിനുവേണ്ടി കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള വാട്ടർ അതോറിറ്റി എന്നിവയുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>മരുന്നു ഗവേഷണവുമായി ബന്ധപ്പെട്ട് ഒരു കമ്പനി ലൈഫ് സയൻസ് പാർക്കിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരള വെറ്ററിനറി & അനിമൽ സയൻസ് യൂണിവേഴ്സിറ്റി യുടെ റിസർച്ച്-കം -ലേണിങ്ങ് സെന്റർ 2017 ഒക്ടോബറോടു കൂടി ലൈഫ് സയൻസ് പാർക്കിൽ പ്രവർത്തനം ആരംഭിക്കും. കൂടാതെ ഏകദേശം 3 ലക്ഷം ചതുരശ്ര അടി വരുന്ന ഇന്നൊവേഷൻ കം ഇൻകുബേഷൻ സെന്ററിന്റെ നിർമ്മാണം ഈ വർഷം തുടങ്ങാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ